# ഗവ.എൽ.പി.സ്കൂൾ
# പാറക്കൽമുക്ക്

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-2026

# ആമുഖം

വിദ്യാലയത്തിലെ കുട്ടികളുടെ സമഗ്രവികസനത്തിനുതകുന്ന പ്രവർത്തനങ്ങളാണ് ഈ അധ്യയന വർഷം നടത്താനുദേശിക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശിൽപശാല, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈ വരിക്കുന്ന തിനോടൊപ്പം കുടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഓരോമാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അദ്ധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെടുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അദ്ധ്യാപകർ എന്നിവർ ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

പാറക്കൽമുക്ക് ഗവ. എൽ. പി. സ്കൂളിലെ മുഴുവൻ കുട്ടികളേയും വായന, ലേഖനം, ചതുഷ്ക്രിയകൾ, ഇംഗ്ലീഷ് ഭാഷാനൈപുണി, ശാസ്ത്രചിന്ത എന്നിവയിൽ മികവ് പുലർത്തുന്നവരാക്കുക. ജനാധിപത്യ മൂല്യങ്ങളെ മുറുകെപിടിക്കുന്ന സാമൂഹ്യബോധമുള്ള കുട്ടികളാക്കി വളർത്തിയെടുക്കുക

പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം<br>മലയാളം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | കഥകളും പാട്ടുകളും വായിക്കുന്നു അവതരണം, രചനാ പ്രവർത്തനങ്ങൾ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | SRG |
| മലയാളം തെറ്റു കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു. | പഠന പിന്തുണ വേണ്ടവരെ കണ്ടെത്തി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നു | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | SRG |
| മികച്ച വായനക്കാരാക്കുക | പത്രവായന, ലൈബ്രറി പുസ്തകങ്ങൾ, ബാല പ്രസിദ്ധീകരണങ്ങൾ എന്നിവ വായിച്ച് അവതരിപ്പിക്കുന്നതിനും വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നതിനും പ്രാപ്തരാക്കുക | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| കവിതാസ്വാദനം | ചെറുകവിതകൾ വായിക്കൽ, വരികൾ കൂട്ടിച്ചേർക്കൽ, താളമിട്ട് പാടൽ ആവർത്തന ഭംഗി കണ്ടെത്തൽ രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| കുഞ്ഞെഴുത്തും പുസ്തക പ്രകാശനവും | കുട്ടികളിലെ സർഗാത്മകത പ്രകടിപ്പിക്കുന്ന കഥകൾ, കവിതകൾ ചിത്ര രചന തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നടത്തിയ "കുഞ്ഞെഴുത്തുകൾ" പതിപ്പുകളാക്കി പ്രകാശിപ്പിക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | HM ക്ലാസ് ടീച്ചർ |
| | ഇംഗ്ലീഷ് | | | |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുന്നതിലൂടെ ഭാഷ താത്പര്യം വർധിപ്പിക്കുന്നു. | കാർട്ടൂൺ പ്രദർശനം ചിത്ര പുസ്തകങ്ങൾ | ജൂൺ മുതൽ ആഗസ്റ്റ് | ക്ലാസ് ടീച്ചർ | SRG |
| ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതാനും പ്രാപ്തരാക്കൽ | ക്ലാസ്തല പഠന പ്രവർത്തനങ്ങൾ, വായനാക്കാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ, വായിക്കൽ എഴുതൽ | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | SRG |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പദസഞ്ചയ രൂപീകരണം | പാഠഭാഗത്തുനിന്ന് കണ്ടെത്തിയ പുതിയ പദങ്ങൾ ഉപയോഗിച്ച് നിഘണ്ടു തയ്യാറാക്കൽ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | SRG |
| ആശയവിനിമയ ശേഷി വികസനം | ഇംഗ്ലീഷ് അസംബ്ലി, ബാലസഭ, സ്കിറ്റ്, റീഡേഴ്സ് തിയേറ്റർ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| രചനാ മികവ് | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം പാഠഭാഗങ്ങളിലൂടെ വ്യവഹാര രൂപങ്ങളുടെ അവതരണം | ടേം | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| | | | | |

| | ഗണിതം | | | |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | ഒറിഗാമി ശില്പശാല രൂപങ്ങൾ ഉപയോഗിച്ച് ചിത്ര പ്രദർശനം, രൂപങ്ങളുടെ നിർമ്മാണം, ടാൻഗ്രാം രൂപങ്ങൾ | ജൂൺ ജൂലായ് | ക്ലാസ് ടീച്ചർ | SRG |
| ഗണിത പഠനം കളികളിലൂടെ | ഗണിത പസിലുകൾ, ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ കുസൃതി കണക്കുകൾ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | SRG |
| ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്ന നിർധാരണത്തിന് പ്രാപ്തമാക്കുന്നു. | പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം, വർക്ക് ഷീറ്റുകൾ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| ഗണിത പഠനം പഠനോപകരണങ്ങളിലൂടെ | പഠനോപകരണ നിർമ്മാണ ശില്പശാല. | ഒക്ടോ | ക്ലാസ് ടീച്ചർ | HM ക്ലാസ്ടീച്ചർ |
| ഗണിത ശേഷി പ്രകട | പ്രശ്നോത്തരി, ഗണിത ചാർട്ട്, പഠന ഉത്പന്നങ്ങളുടെ പ്രദർശനം | ജനുവരി മാർച്ച് | | |

| | പരിസരപഠനം | | | |
|---|---|---|---|---|
| കുട്ടികളിലെ പാരിസ്ഥിതികാവബോധം വളർത്തൽ | പ്രകൃതി നടത്തം, ആവാസ വ്യവസ്ഥ നിരീക്ഷണം, ചുറ്റുപാടിനെ അറിയൽ | ഒന്നാം ടേം | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ SRG |
| ശുചിത്വാവബോധം വളർത്തൽ | ശുചിത്വവുമായി ബന്ധപ്പെട്ട സർവ്വേ, പോസ്റ്റർ മണിവഴ്യ നിർമ്മാണം, വീഡിയോ പ്രദർശനം, | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ രക്ഷിതാവ് | SRG PTA |
| ആഹാരവും ആരോഗ്യവും | ബോധവത്ക്കരണ ക്ലാസ്, പോസ്റ്റർ നിർമ്മാണം, പ്രദർശനം, ഫുഡ്ഫെസ്റ്റ് നാടൻ വിഭവങ്ങൾ പരിചയപ്പെടുത്തൽ, സൂപ്പാ പരിശീലനം | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ ഹെൽത്ത് ക്ലബ് | SRG PTA |
| ജലം, മണ്ണ് സംരക്ഷണം | ഫീൽഡ് ട്രിപ്പ്, സർവ്വേ പോസ്റ്റർ നിർമ്മാണം. വീഡിയോ പ്രദർശനം. | രണ്ടാം ടേം | ക്ലാസ് ടീച്ചർ രക്ഷിതാവ് | SRG PTA. |
| ശാസ്ത്രാവബോധം വളർത്തുക | ലഘുപരീക്ഷണം, ശാസ്ത്രക്കുറിപ്പ് തയ്യാറാക്കൽ, അഭിമുഖം. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | SRG |

## അറബി

| | | | | |
|---|---|---|---|---|
| അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കുക | അക്ഷരവായന, ചിത്രവായന അക്ഷര കാർഡുകൾ ഉപയോഗിച്ച് വിവിധതരം കളികൾ | ജൂൺ to മാർച്ച് | അധ്യാപിക | SRG |
| വായിക്കാം വളരാം | അറബി ചെറുകഥകൾ ചെറു വിവരണങ്ങൾ, കുട്ടിക്കവിതകൾ ചിത്രകഥകൾ എന്നിവ ശേഖരിക്കുന്നു, മാസത്തിലൊരിക്കൽ ക്ലാസ് തല വായനാ മത്സരം നടത്തുന്നു. | ആഗസ്റ്റ് to മാർച്ച് | അധ്യാപിക | അധ്യാപിക |
| നല്ലെഴുത്ത് | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട വാക്കുകൾ, വാചകങ്ങൾ, എന്നിവ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ അത് വായിച്ചതിനു ശേഷം കാണാതെ, തെറ്റു കൂടാതെ എഴുതുന്നു. | ഓരോ യൂണിറ്റും പൂർത്തിയാക്കിയതിനുശേഷം | അധ്യാപിക | അധ്യാപിക |
| ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്തുന്നു | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കൽ കാർട്ടൂൺ പ്രദർശനം, ക്ലാസിൽ അറബി സംഭാഷണം അഭിനയിപ്പിക്കൽ | ജൂലായ് to മാർച്ച് | അധ്യാപിക | അധ്യാപിക |